# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



'അലകൾ' വായിക്കുക,
വരിക്കാരാവുക, പ്രചരിപ്പിക്കുക

**അലകൾ തപാലിൽ ലഭിക്കാൻ**
**60 രൂപ മണിയോർഡറായി അയക്കുക**

വിലാസം

മാനേജർ, അലകൾ, ടാങ്ക് റോഡ്
പുളിമൂട്, തിരുവനന്തപുരം - 695 001



പുസ്തകം 4 ലക്കം 28 തിരുവനന്തപുരം 2012 ഡിസംബർ 16-31 www.alakal.net വില 2 രൂപ


# കൂടംകുളം : ജനുവരി 21 ന് ദേശീയ പ്രക്ഷോഭം

## പത്ത് തീരദേശ സംസ്ഥാനങ്ങളിലും മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധം





പോണ്ടിച്ചേരി : കൂടംകുളം ആണവനിലയം അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് ജനുവരി 21 ന് മത്സ്യത്തൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭം നടത്തുന്നു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ അംഗമായ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽബോഡി യോഗമാണ് ദേശീയ സമരത്തിന് ആഹ്വാനം ചെയ്തിരിക്കുന്നത്. അന്നേദിവസം 10 തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രസർക്കാർ ഓഫീസിലേക്ക് മത്സ്യത്തൊഴിലാളികൾ മാർച്ചും ധർണ്ണയും നടത്തുമെന്ന് എൻ.എഫ്.എഫ്. ചെയർപേഴ്സൺ ആർ.കെ. പാട്ടീൽ, ജനറൽ സെക്രട്ടറി എം. ഇളങ്കോ എന്നിവർ അറിയിച്ചു.

കേന്ദ്രത്തിൽ ഒരു ഫിഷറീസ് മന്ത്രാലയത്തിന് രൂപം നൽകുക, തീരദേശ നിയന്ത്രണ വിജ്ഞാപന ലംഘിച്ച് തീരദേശത്ത് നടത്തിയിട്ടുള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളെയും തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ-ഡീസൽ എന്നിവ ന്യായവിലയ്ക്ക് വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് 2013 മാർച്ച് ആദ്യവാരം ന്യൂഡെൽഹിയിലെ ജന്തർമന്ദിറിൽ ആയിരത്തിലേറെ മത്സ്യത്തൊഴിലാളികളുടെ കൂട്ടസത്യാഗ്രഹം നടത്താൻ തീരുമാനിച്ചതായും ജനറൽ സെക്രട്ടറി എം. ഇളങ്കോ അറിയിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മത്സ്യത്തൊഴിലാളികളോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നും അല്ലാത്തപക്ഷം രാജ്യവ്യാപകമായി ശക്തമായ മത്സ്യത്തൊഴിലാളി പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി.

എൻ.എഫ്.എഫ്. മുൻ ചെയർപേഴ്സൺ മത്താനി സൽദാനയുടെ സഹധർമ്മിണിയും ഗോവ മന്ത്രിയുമായ അലീനാ സൽദാന പോണ്ടിച്ചേരിയിൽ നടന്ന പൊതു സമ്മേളനം ഉത്ഘാടനം ചെയ്തു. എം. ഇളങ്കോ അദ്ധ്യക്ഷത വഹിച്ചു. ആർ.കെ. പാട്ടീൽ , ടി. പീറ്റർ, പ്രദീപ് ചാറ്റർജി, ഗിൽബർട്ട് റോഡ്രിഗോ തുടങ്ങിയവർ പ്രസംഗിച്ചു.

അടുത്ത ദേശീയ സമ്മേളനം മഹാരാഷ്ട്രയിൽ വച്ച് നടത്താൻ എൻ.എഫ്.എഫ്. ജനറൽബോഡി യോഗം തീരുമാനിച്ചു.

### ക്രിസ്തുമസ് പുതുവത്സരാശംസകൾ



**ഏവർക്കും അലകളുടെ ക്രിസ്തുമസ് പുതുവത്സര ആശംസകൾ.**

Postal Reg. No. KL/TV/(N)15/2012-2014 RNI No. 44531/85 **ALAKAL** Fortnightly Book 4 Vol. 28 2012 December 16-31 Price Rs. 2

# കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയെ ആണവ വികിരണമുക്തമാക്കി നിലനിർത്തുക




തിരുവനന്തപുരം : കേരള അന്താരാഷ്ട്ര ചലച്ചിത്രമേള കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്ന് 85 കിലോമീറ്റർ ആകാശ ദൂരത്താണുള്ളത്. ഒരു പക്ഷിക്ക് ഏതാനും സമയത്തിനുള്ളിൽ പറന്നെത്താവുന്ന ദൂരം മാത്രം. ചെർണോബിലിൽ സ്വന്തം ജനതയെ ആണവ അപകടത്തിൽ നിന്ന് രക്ഷിക്കാനാവാത്ത റഷ്യൻ സാങ്കേതിക സഹായത്തോടെയാണ് കൂടംകുളം നിലയം സ്ഥാപിക്കുന്നത്! ചെർണ്ണോബിൽ ആണവികിരിണങ്ങൾ ഹോളണ്ട് വരെ എത്തിയിരുന്നു. സമീപകാലത്ത് നടന്ന ഫുക്കുഷിമ ആണവാപകടത്തെതുടർന്ന് വികിരണങ്ങൾ കാലിഫോർണിയ വരെ എത്തി!. IFFK നടക്കുന്ന തിരുവനന്തപുരവും കൂടംകുളം നിലയവും വളരെ അടുത്തടുത്താണ്.

അമേരിക്ക, ഫ്രാൻസ് , ജർമ്മനി, ജപ്പാൻ തുടങ്ങിയവ പോലെ വികസിത രാജ്യങ്ങളിൽ പോലും പുതുതായി ആണവ നിലയങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല എന്നകാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ഈ രാജ്യങ്ങളിലെ ചലച്ചിത്ര പ്രവർത്തകർ, സംഗീതജ്ഞർ, കലാകാരൻമാർ, പരിസ്ഥിതി പ്രവർത്തകർ, മതസംഘടനകൾ, ലിബറലുകൾ, സ്ത്രീപക്ഷ പ്രവർത്തകർ, കമ്യൂണിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ തുടങ്ങി സമൂഹത്തിലെ നാനാ തുറകളിൽപെട്ടവർ ആണവ വിരുദ്ധ നിലപാടെടുത്തു മുന്നോട്ട് വന്നിരിക്കുകയാണ്. പല രാജ്യങ്ങളും നിലവിലുള്ള ആണവ നിലയങ്ങൾ അടച്ചു പൂട്ടാനും തീരുമാനമെടുത്തുകഴിഞ്ഞു. കാലഹരണപ്പെട്ട സുരക്ഷിതമല്ലാത്ത സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അവികസിത രാജ്യങ്ങൽ ഇക്കാര്യത്തിൽ വലിയ ദുരന്തങ്ങളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. തെക്കൻ തമിഴ്നാട്, കേരളം, ശ്രീലങ്ക തുടങ്ങിയ ജനസാന്ദ്രതയേറിയ പ്രദേശങ്ങൾ കൂടംകുളം ആണ നിലയത്തിന്റെ അപകടമുനമ്പിലാണ്.

കേരളം, തമിഴ്നാട് സംസ്ഥാന ഭരണകൂടങ്ങൾ, കേന്ദ്ര ഭരണകൂടം , ശ്രീലങ്കൻ സർക്കാർ എന്നിവർ ആണവ അപകടമുണ്ടായാൽ സ്വീകരിക്കേണ്ടുന്ന മുൻകരുതലുകളുടെ പ്രാഥമികമായ നടപടികൾപോലും ഇതുവരെ ആലോചിച്ചിട്ടില്ല. ഇന്ത്യൻ പ്രധാനമന്ത്രി റഷ്യൻ അധികാരികളെ സമീപിച്ചപ്പോൾ കൂടംകുളം ആണവ അപകടം സംബന്ധിച്ച എല്ലാ ബാധ്യതകളിൽ നിന്നും റഷ്യൻ സർക്കാരിന് യാതൊരു ഉത്തരവാദിത്തവും ഇല്ലെന്നാണ് അവർ വ്യക്തമാക്കിയത്. ആരാണ് അപകടം നടന്നാൽ അതിന്റെ ബാധ്യത ഏറ്റെടുക്കുക എന്നത് വലിയ ചോദ്യമായി അവശേഷിക്കുന്നു.

ആണവ നിലയത്തിന്റെ സാധാരണ പ്രവർത്തനം തന്നെ റേഡിയേഷൻ ഉണ്ടാക്കുന്നതും ജൈവവ്യവസ്ഥക്ക് അത്യന്തം അപകടവുമാണ്. തെക്കൻ കേരളത്തിൽ ലഭിക്കുന്ന മത്സ്യം, ഇറച്ചി, പച്ചക്കറികൾ തുടങ്ങിയയിൽ ഏറിയ പങ്കും തെക്കൻ തമിഴ്നാട്ടിൽ നിന്നാണെത്തുന്നത്. കൂടംകുളം പ്ലാന്റ് പ്രവർത്തനം തുടങ്ങിയാൽ അടുത്ത ചലച്ചിത്രോത്സവത്തിനെത്തുന്ന നാം കഴിക്കുന്നത് ആണവ മാലിന്യം കലർന്ന ഭക്ഷണ പദാർത്ഥങ്ങളായിരിക്കും. ജനങ്ങളുടെ ആരോഗ്യം കൊണ്ട് പന്താടരുതെന്നു മാത്രമല്ല, കേരളത്തിലേയും തമിഴ്നാട്ടിലേയും കേന്ദ്രത്തിലേയും ശ്രീലങ്കയിലേയും ഭരണകൂടങ്ങളോട് നമുക്ക് പറയാനുള്ളത്, ഭരണകൂടങ്ങളുടെ തലപ്പത്തിരിക്കുന്ന വരടേയും കൂടി പ്രശ്നമാണിത് എന്നാണ്. അടുത്ത തലമുറകളുടേയും പ്രശ്നം കൂടിയാണിത്. ലക്ഷക്കണക്കിന് വർഷങ്ങൾ നിലനിൽക്കുന്ന ഭീകര ദുരന്തമാണ് കൺമുന്നിലുള്ളത്. ശാസ്ത്രത്തിന് ആണവമാലിന്യങ്ങളുടെ സുരക്ഷിതമായ സംസ്കരണം ഇനിയും കണ്ടെത്താനായിട്ടില്ല. ലക്ഷക്കണക്കിന് വർഷങ്ങളോളം ജീവിതത്തേയും ജൈവ വൈവിധ്യങ്ങളേയും തകർക്കുന്നതാണ് ആണവ മാലിന്യത്തിലെ വികിരണങ്ങൾ. ഈ മേഖലയിലെ രാഷ്ട്രീയ ഭരണ രംഗത്തുള്ളവർ തികഞ്ഞ അജ്ഞതയിൽ നിന്നാണ് അപകടകരമായ ആണവ നിലയത്തിന് പച്ചക്കൊടി കാട്ടിയിരിക്കുന്നത്.

കൂടംകുളം ആണവ നിലയത്തിനെതിരെ സമാധാനപരമായും ജനാധിപത്യരീതിയിലും സമരം ചെയ്യുന്നവരെ ക്രൂരമായി അടിച്ചമർത്തുന്ന തമിഴ്നാട്- കേന്ദ്ര സർക്കാരുകളുടെ സമീപനം ഞങ്ങളിൽ ഞെട്ടലുളവാക്കുന്നു. ആയിരക്കണക്കിന് മത്സ്യതൊഴിലാളികൾക്കും കർഷകർക്കുമെതിരെ രാജ്യദ്രോഹ കുറ്റമടക്കം ചുമത്തുകയും ഭക്ഷണം, വെള്ളം, ഗതാഗതം തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ തടഞ്ഞ് അവരെ ഉപരോധിക്കുന്ന സർക്കാർ നടപടി അത്യന്തം പ്രതിഷേധാർഹമാണ്. കൂടംകുളം സമരക്കാർക്കെതിരെ കെട്ടിച്ചമക്കപ്പെട്ട കള്ളക്കേസുകൾ പിൻവലിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

17-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിലെ പ്രതിനിധികളായ ഞങ്ങൾ കൂടംകുളം ആണവ നിലയം ഉപേക്ഷിക്കാൻ കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങളോട് ശക്തമായി ആവശ്യപ്പെടുന്നു. കേരളത്തിലേയും ശ്രീലങ്കയിലേയും ഭരണകൂടങ്ങൾ ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നും ഞങ്ങളാവശ്യപ്പെടുന്നു.

കേരളത്തിലെ അടുത്ത രാജ്യാന്തര ചലച്ചിത്രോത്സവവും ആണവ വികിരണ മുക്തമായി തുടരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ലോകത്തൊരിടത്തും ആണവ വികിരണങ്ങളുടെ പ്രത്യാഘാതങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സർക്കാരുകൾക്കോ ശാസ്ത്ര സമൂഹത്തിനോ കഴിഞ്ഞിട്ടില്ലെന്ന് ഓർമ്മിപ്പിക്കുന്നു. ധീരമായി നിന്ന് കൂടംകുളം നിലയത്തിനെതിരെ സമാധാനപരമായി ചെറുത്തു നിൽക്കുന്ന ഇടിന്തകരയിലെ ജനങ്ങൾക്ക് ഐക്യദാർഢ്യവും പിന്തുണയും അറിയിക്കുന്നു.

<u>പ്രത്യേക കുറിപ്പ്:</u>

സോളിഡാരിറ്റി പ്രസിദ്ധീകരിച്ച *സ്റ്റോപ് കൂടംകുളം* ബുള്ളറ്റിൻ ടി.കെ.രാജീവ്കുമാർ കമലിന് കൈമാറി പ്രകാശനം നിർവഹിച്ചു.

<u>പത്രസമ്മേളനത്തിൽ പങ്കെടുത്തവർ:</u>

ടി.കെ.രാജീവ് കുമാർ, കമൽ, കെ.പി. ശശി, ബി.അജിത് കുമാർ, ടി.പീറ്റർ, കെ.സജീദ്, സന്തോഷ് കുമാർ, ആർ. അജയൻ,

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph : 2500685
Editor : T. Peter, Phone : 0471-6541985, Mobile : 944742943, E-mail : admin@alakal.net, peter.ksmtf@gmail.com